(ബി) കശുവണ്ടി വ്യവസായ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ

18 (529)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വികസന കോർപ്പറേഷൻ വക ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഈ വർഷം നവംബർ 30 വരെ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇനിയും ഈ വർഷം എത്ര തൊഴിൽ ദിനങ്ങൾ കൂടി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 34 കശുവണ്ടി ഫാക്ടറികളിലായി ഈ വർഷം നവംബർ 30 വരെ 170 മുതൽ 185 വരെ ദിവസത്തെ ജോലി നൽകിയിട്ടുണ്ട്.

(ബി) ഈ വർഷം ഇനിയും (ഡിസംബർ 31 വരെ) കുറഞ്ഞത് 20 ദിവസംകൂടി ജോലി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ 34-ാം നമ്പർ ചെങ്ങമനാട് ഫാക്ടറിയിൽ 13.12.2000 തീയതി 200 ദിവസത്തെ ജോലി പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നും ജോലി നടന്നുവരികയാണ്.

കക്കാ വ്യവസായം

19 (530)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിലെ മുഹമ്മ കക്കാ വ്യവസായ സഹകരണ സംഘത്തിന്റെ പെരുംതുരുത്ത് ഡിപ്പോയിൽ കറുത്ത കക്കയ്ക്ക് വേർതിരിവ് കൂടാതെയും ചാരമംഗലം ഡിപ്പോയിൽ കറുത്ത കക്കകളുടെ വലുപ്പ ചെറുപ്പമനുസരിച്ച് വേർതിരിവോടെ വില നിശ്ചയിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ന്യായവിരുദ്ധ-പക്ഷപാതം അവസാനിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നിർദ്ദേശം കൊടുത്തുവോ;

(ബി) ഇക്കാരണത്താൽ സംഘാംഗങ്ങളായ തൊഴിലാളികൾ കൊടുത്ത കറുത്തകക്ക ചാരമംഗലം ഡിപ്പോയിൽ സംഘം അധികാരികൾ അളക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly